**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 803** **14-10-2026-ൽ മറുപടിയ്ക്ക്**

**വന്യജീവികളെ മാറ്റിപ്പാർപ്പിക്കുന്നതുമായി ബന്ധപ്പെട്ട നയം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പ്രേമൻ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ വിവിധ വനമേഖലകളിൽനിന്ന് കടുവ ഉൾപ്പെടെയുള്ള വന്യജീവികളെ മറ്റ് സംസ്ഥാനങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു നയം രൂപീകരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

**മറുപടി:** നിലവിൽ ആലോചനയിലില്ല.

**(ബി)** സംസ്ഥാനത്ത് നിലവിൽ എത്ര കടുവകളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇവയുടെ ജില്ല തിരിച്ചുള്ള കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകളും ഓരോ വർഷവും കടുവകളുടെ എണ്ണത്തിൽ വർധനവ് രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന വിവരവും ലഭ്യമാക്കാമോ;

**മറുപടി:** ആൾ ഇന്ത്യ ടൈഗർ എസ്റ്റിമേഷൻ അഖിലേന്ത്യാടിസ്ഥാനത്തിൽ നാല് വർഷത്തിലൊരിക്കലാണ് നടത്തപ്പെടുന്നത്. 2022 ലെ ആൾ ഇന്ത്യ ടൈഗർ എസ്റ്റിമേഷൻ അനുസരിച്ച് കേരളത്തിൽ 213 (SE ± 16) കടുവകൾ ഉണ്ടെന്ന് കണക്കാക്കപ്പെട്ടിരുന്നു. ടി റിപ്പോർട്ടിൽ വയനാട് ലാൻഡ്സ്കേപ്പിൽ കടുവകളുടെ എണ്ണം കുറഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് 2023 ൽ കേരള വനം വകുപ്പ് വയനാട് ലാൻഡ്സ്കേപ്പിൽ നടത്തിയ പോപ്പുലേഷൻ എസ്റ്റിമേഷനിൽ 84 കടുവകളുണ്ടെന്ന് കണക്കാക്കിയിരുന്നു. 2026 ലെ ആൾ ഇന്ത്യ ടൈഗർ എസ്റ്റിമേഷന്റെ കണക്കുകൾ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. കടുവകളുടെ കണക്കെടുപ്പ് ജില്ലാടിസ്ഥാനത്തിൽ അല്ല നടത്തപ്പെടുന്നത്.

**(സി)** വന്യജീവി സംരക്ഷണ നിയമപ്രകാരം വന്യജീവികളെ പിടികൂടി മറ്റ് സംസ്ഥാനങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നിയമവ്യവസ്ഥകളും നടപടിക്രമങ്ങളും എന്തെല്ലാമാണ്; സാങ്കേതികമായി ഇത് പ്രാവർത്തികമാക്കാൻ സാധിക്കുമോ; വിശദമാക്കാമോ;

**മറുപടി:** വന്യമൃഗങ്ങളെ മറ്റു സംസ്ഥാനത്തേക്ക് മാറ്റുന്നതിന് കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുമതിയും ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ സമ്മതവും ആവശ്യമാണ്.

**(ഡി)** വന്യജീവികളെ മറ്റ് സംസ്ഥാനങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കുന്ന വിഷയത്തിൽ കേന്ദ്ര സർക്കാരുമായോ ദേശീയ കടുവ സംരക്ഷണ അതോറിറ്റിയുമായോ ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട പുരോഗതിയും മറ്റ് സംസ്ഥാനങ്ങളുടെ നിലപാടും വ്യക്തമാക്കാമോ?

**മറുപടി:** വന്യജീവികളെ മറ്റ് സംസ്ഥാനങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കുന്ന വിഷയത്തിൽ കേന്ദ്ര സർക്കാരുമായോ ദേശീയ കടുവ സംരക്ഷണ അതോറിറ്റിയുമായോ ചർച്ചകൾ നടത്തിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**